സംസ്ഥാന ആവിഷ്കൃത പരിപാടികൾ, വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, മിഷനുകൾ എന്നിവർ ചെയ്യുന്ന പ്രവർത്തനങ്ങൾ അപഗ്രഥിച്ച് അവയിൽ സംയോജിപ്പിക്കാനും ഏകോപിപ്പിക്കാനും കഴിയുന്നവ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതിയിൽ സംയോജിപ്പിക്കേണ്ടതും അവയിൽ പരിഗണിക്കപ്പെടാത്ത പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതും ലക്ഷ്യമിടുന്നു.

(സി) പഞ്ചവത്സര പദ്ധതി നടത്തിപ്പിൽ ഉദ്യോഗസ്ഥ മേധാവിത്വം ഉണ്ടായിട്ടില്ല. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും ഗ്രാമസഭകളുടെയും തീരുമാനങ്ങൾക്ക് വിധേയമായിട്ടാണ് പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നടപ്പിലാക്കുന്നതും.

(ഡി) ബാധകമല്ല.

ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ പുതുതായി താലൂക്ക് സ്റ്റാറ്റിസ്റ്റിക്സ് ഓഫീസുകൾ

42 (3326) ശ്രീ. വി. പി. സജീന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കണോമിക്സ് & സ്റ്റാസ്റ്റിക്സ് വകുപ്പിൽ പുതുതായി 14 താലൂക്ക് സ്റ്റാറ്റിസ്റ്റിക്സ് ആഫീസുകൾ അനുവദിക്കാൻ പ്രഖ്യാപനം നടത്തുകയുണ്ടായോ ;

(ബി) പ്രസ്തുത ആഫീസുകളുടെ പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്ത് നടപടി സ്വീകരിച്ചു ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല. റവന്യു താലൂക്കുകൾക്കനുസൃതമായി താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസുകൾ നിലവിലില്ലാത്ത 14 താലൂക്കുകളിൽ, താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസുകൾ രൂപീകരിക്കുന്നതിനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

ഉടുമ്പൻചോല ഇക്കണോമിക്കൽ & സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്

43 (3327) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉടുമ്പൻചോല ഇക്കണോമിക്കൽ സ്റ്റാറ്റിസ്റ്റിക്കൽ ആഫീസ് എവിടെയാണ് പ്രവർത്തിക്കുന്നത് അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉടുമ്പൻചോല ആസ്ഥാനമായ നെടും കണ്ടത്ത് പണിപൂർത്തീകരിച്ച് ഉദ്ഘാടനം കഴിഞ്ഞിട്ടുള്ള സിവിൽ സ്റ്റേഷനിൽ ഇക്കണോമിക്കൽ & സ്റ്റാറ്റിസ്റ്റിക്കൽ ആഫീസ് പ്രവർത്തിക്കുന്നതിനാവശ്യമായ കെട്ടിട സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) ഉടുമ്പൻചോല താലൂക്കിലെ നെടുംകണ്ടം സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കേണ്ട സ്ഥാപനം മറ്റൊരു താലൂക്കിൽപ്പെടുന്ന കട്ടപ്പനയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരാൻ ഇടയാകുന്ന സാഹചര്യം വിശദികരിക്കാമോ ;

(ഡി) ഉടുമ്പൻചോല താലൂക്ക് ആസ്ഥാനമായ നെടുകണ്ടത്തെ സിവിൽ സ്റ്റേഷനിലേക്ക് താലൂക്ക് ഇക്കണോമിക്കൽ & സ്റ്റാറ്റിസ്റ്റിക്കൽ ആഫീസ് മാറ്റി പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉടുമ്പൻചോല താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസ് പ്രവർത്തിക്കുന്ന സ്വകാര്യ കെട്ടിടത്തിന്റെ വിലാസം ചുവടെ ചേർക്കുന്നു:

കലയത്തിനാൽ ബിൽഡിംഗ്, കട്ടപ്പന പി.ഒ., കട്ടപ്പന.

(ബി) ഉടുമ്പൻചോല താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസിനായി നെടുങ്കണ്ടം മിനി സിവിൽ സ്റ്റേഷനിൽ 796 ചതുരശ്ര അടി സ്ഥലം അനുവദിച്ചിട്ടുണ്ട്.

(സി) ഉടുമ്പൻചോല താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസ് നെടുങ്കണ്ടം മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റുന്നതിന് സാമ്പത്തിക സ്ഥിതിവിവര കണക്ക് ഇടുക്കി ഡെപ്യൂട്ടി ഡയറക്ടർക്ക് അനുമതി നൽകിയിരുന്നു. നിലവിൽ അനുവദിച്ചിരിക്കുന്ന സിവിൽ സ്റ്റേഷൻ കെട്ടിടത്തിൽ അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, വെള്ളം ഇവ ലഭിക്കാത്തതിനാലാണ് ഉടുമ്പൻചോല താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസ് വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നത്.

(ഡി) ഈ ആഫീസിനായി അനുവദിച്ചിരിക്കുന്ന സിവിൽ സ്റ്റേഷൻ കെട്ടിടത്തിൽ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. ഇവ ലഭ്യമാകുന്ന മുറയ്ക്ക് ഉടുമ്പൻചോല താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസ് നെടുങ്കണ്ടത്തെ സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റി പ്രവർത്തനം ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly